**കേരള സർക്കാർ**

**നം.114/ഡി.എ 1/2017-തസ്വഭവ**
തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്,
തിരുവനന്തപുരം, തീയതി : 27.02.2017.

## <u>സർക്കുലർ</u>

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ്-മരാമത്ത് പ്രവൃത്തികൾക്ക് ടാർ വാങ്ങുന്നത്-സംബന്ധിച്ച്.

സൂചന:- 1. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 01/02/2017-ലെ 2.16-ാം നമ്പർ തീരുമാനം

2. 10/02/2017ലെ 75/ഡി.എ1/2017-തസ്വഭവ നമ്പർ സർക്കുലർ

3. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 15/02/2017-ലെ 2.1-ാം നമ്പർ തീരുമാനം

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതികളുടെ ഭാഗമായി നടത്തുന്ന മരാമത്ത് പ്രവൃത്തികൾക്ക് ബിറ്റുമിൻ ആവശ്യപ്പെടുന്ന കോൺട്രാക്ടർമാർക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറി വാങ്ങി നല്കണമെന്ന് പരാമർശത്തിലെ സർക്കുലർ പ്രകാരം നിർദ്ദേശിച്ചിരുന്നു. ബിറ്റുമിൻ വാങ്ങി നല്കുന്നതിന് താഴെ പറയുന്ന രീതി പാലിക്കേണ്ടതാണ്.

2) ഓരോ പ്രവർത്തിയുടേയും ടാറിന്റെ ആവശ്യവും അതിൽ എസ്റ്റിമേറ്റിൽ കാണിച്ചിരിക്കുന്ന തുകയും ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥൻ ട്രഷറിയിൽ നിന്നും പിൻവലിച്ച് സ്വന്തം സ്പെഷ്യൽ റ്റി.എസ്.ബി അക്കൗണ്ടിൽ സൂക്ഷിക്കേണ്ടതും അതിനുശേഷം നിർവ്വഹണ ഉദ്യോഗസ്ഥൻ സെക്രട്ടറിക്ക് തുക നല്കുന്നതിന് സ്വന്തം സ്പെഷ്യൽ റ്റി.എസ്.ബി അക്കൗണ്ടിന്റെ ചെക്ക് നല്കേണ്ടതുമാണ്. സെക്രട്ടറി സ്വന്തം സ്പെഷ്യൽ റ്റി.എസ്.ബി അക്കൗണ്ടിൽ തുക ഇട്ടതിനു ശേഷം സെക്രട്ടറിയുടെ ചെക്ക് ഓയിൽ കമ്പനിക്കു നൽകി ബിറ്റുമിൻ വാങ്ങി കോൺട്രാക്ടർക്ക് നല്കേണ്ടതാണ്. ബിറ്റുമിന്റെ ട്രാൻസ്പോർട്ടേഷൻ ചിലവ്, കയറ്റിറക്കുകൂലി എന്നിവ ആദ്യഘട്ടത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനം തന്നെ വഹിക്കേണ്ടതാണ്. ബിറ്റുമിന്റെ വില ട്രാൻസ്പോർട്ടേഷൻ ചിലവും കയറ്റിറക്കുകൂലിയും ഉൾപ്പെടെ അന്തിമ ബില്ലിൽ നിന്നും കുറവ് ചെയ്യേണ്ടതാണ്.

3) ഇക്കാര്യത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥന്മാരുടെ പക്കൽ നിന്നും ഇനിയും കാലവിളംബം ഉണ്ടായാൽ അതിന്റെ പൂർണ്ണ ഉത്തരവാദിത്വം നിർവ്വഹണ ഉദ്യോഗസ്ഥന്മാർക്കായിരിക്കുന്നതാണ്. ഇക്കാരണത്താൽ റോഡ് വർക്കുകൾ പൂർത്തിയാകാതെ പോവുകയോ, ബിറ്റുമിൻ വാങ്ങി നൽകാത്തതിന്റെ പേരിൽ റോഡ് വർക്കുകൾ സ്പിൽ ഓവറാകുകയോ ചെയ്താൽ അത്തരം വീഴ്ചകൾക്ക് ഉത്തരവാദികളായ ഉദ്യോഗസ്ഥന്മാർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതുമാണ്.

**എ.കെ.മോഹനകുമാർ**
**ജോയിന്റ് സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണം, തിരുവനന്തപുരം.
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
} (പഞ്ചായത്ത് ഡയറക്ടർ മുഖേന)

എല്ലാ ബ്ളോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും

എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
എല്ലാ മുൻസിപ്പാലിറ്റി ചെയർപേഴ്സൻമാർക്കും/സെക്രട്ടറിമാർക്കും } (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൻമാർക്കും
എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം
കരുതൽ ഫയൽ / ഓഫീസ് കോപ്പി

**പകർപ്പ്:-** തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേഴ്സണൽ സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പേഴ്സണൽ സെക്രട്ടറിയ്ക്ക്

**ഉത്തരവിൻ പ്രകാരം**

Saradadevi

**സെക്ഷൻ ഓഫീസർ.**